"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ഇടുക്കി ജില്ല – കൊച്ചി ധനുഷ്കോടി ദേശീയപാതയിൽ 25/10/2025 -ൽ ഉണ്ടായ മണ്ണിടിച്ചിലിൽ നാശനഷ്ടം സംഭവിച്ച ദുരന്തബാധിതരുടെ പുനരധിവാസത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

**സ.ഉ.(കൈ) നം.105/2026/RD തീയതി,തിരുവനന്തപുരം, 05-03-2026**

---

**<u>ഉത്തരവ്</u>**

കൊച്ചി ധനുഷ്ക്കോടി ദേശീയപാത NH 85-ൽ ഇടുക്കി ജില്ലയിൽ അടിമാലി കൂമ്പൻപാറ ഭാഗത്ത് 25/10/2025-ൽ ഉണ്ടായ മണ്ണിടിച്ചിലിൽ നാശനഷ്ടം സംഭവിച്ച എം എൻ സ്മാരക ലക്ഷം വീട് കോളനിയിലെ ദുരന്തബാധിതരുടെ പുനരധിവാസത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും താഴെപ്പ റയും പ്രകാരം ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

i) വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട്ടു നിർമ്മിക്കുന്നതിന് താഴെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 17/08/2019-ലെ സ.ഉ.(കൈ) നം. 22/2019/DMD ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള 10 ലക്ഷം രൂപ വീതം അനുവദിച്ച് ഉത്തരവാകുന്നു.

(a) പഞ്ചായത്തിന് നിലവിലെ ഭൂമി വിട്ടു നൽകുക,

(b) ഈ വീടുകൾക്ക് എന്തെങ്കിലും ഇൻഷുറൻസ് തുക ലഭിക്കുകയാണെങ്കിൽ പ്രസ്തുത തുക ഇൻഷുറൻസിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തിരികെ ഈടാക്കുക.

(c) ലഭിക്കുന്ന ഇൻഷുറൻസ് തുക 10 ലക്ഷം രൂപയിൽ കൂടുതൽ ആണെങ്കിൽ അധികം വരുന്ന തുക കുടുംബങ്ങൾക്കും, അല്ലാത്തപക്ഷം ലഭിക്കുന്ന തുക മാത്രം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തിരികെ ഈടാക്കുക,

(d) ഇൻഷുറൻസ് തുക ലഭിക്കാത്ത സാഹചര്യത്തിൽ NHAI/കരാറുകാരൻ എന്നിവരിൽ നിന്നും ഈടാക്കുക.

ii) ദുരിതബാധിതരായ എല്ലാ കുടുംബങ്ങൾക്കും വസ്ത്രങ്ങളും പാത്രങ്ങളും വാങ്ങുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10,000/- രൂപ ഒറ്റത്തവണ ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു.

iii) മാറ്റിപ്പാർപ്പിച്ച കുടുംബങ്ങൾക്ക് വാടകയിനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു.

2. മേൽ പ്രകാരം തുക അനുവദിക്കുന്നതിനായി ദുരന്തബാധിതരെ സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ ജില്ലാ കളക്ടർ, സർക്കാരിൽ അടിയന്തരമായി ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം ജി രാജമാണിക്കം**

**സെക്രട്ടറി**

ജില്ലാ കളക്ടർ, ഇടുക്കി.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
പൊതുമരാമത്ത് (ഡി) വകുപ്പ് .
ദുരന്ത നിവാരണ (എ) വകുപ്പ്
പൊതുഭരണ (എസ് സി) വകുപ്പ് (02/03/2026-ലെ മന്ത്രിസഭാ യോഗതീരുമാനം ഇനം നം 3805)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (DRF -A5/11/2026-REV)

ഉത്തരവിൻ പ്രകാരം

Signed by
Maheswari A
Date: 05-03-2026 16:22:21
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-03-2026

ഫയൽ നം. റവ-ഡി.ആർ.എഫ്.-എ5/11/2026/റവ. ഇനം നം: 3805

വിഷയം : റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ഇടുക്കി ജില്ല - കൊച്ചി ധനുഷ്കോടി ദേശീയപാതയിൽ 25.10.2025-ൽ ഉണ്ടായ മണ്ണിടിച്ചിലിൽ നാശനഷ്ടം സംഭവിച്ച ദുരന്തബാധിതരുടെ പുനരധിവാസത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം -

1. 17.08.2019-ലെ സ.ഉ.(കൈ).നം.22/2019/DMD ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള 10 ലക്ഷം രൂപ അനുവദിക്കാമെന്ന ഭേദഗതിയോടെ അംഗീകരിച്ചു.
2. അംഗീകരിച്ചു.
3. അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3805

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | **റവ-ഡി.ആർ.എഫ്.-എ 5/11/2026-റവ.** |
| 2 | വകുപ്പ് | : | റവന്യൂ (ഡിആർഎഫ്-എ) വകുപ്പ് |
| 3 | വിഷയം | : | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ഇടുക്കി ജില്ല - കൊച്ചി ധനുഷ്കോടി ദേശീയപാതയിൽ 25/10/2025-ൽ ഉണ്ടായ മണ്ണിടിച്ചിലിൽ നാശനഷ്ടം സംഭവിച്ച ദുരന്ത ബാധിതരുടെ പുനഃരധിവാസത്തിനായി മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ധനസഹായം അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | - |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ<br>(ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | :<br>: | അതെ<br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ജയശ്രീ റ്റി.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27/02/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27/02/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 28/02/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 01/03/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കൊച്ചി ധനുഷ്ക്കോടി ദേശീയപാത NH85 ൽ അടിമാലി കൂമ്പൻപാറ ഭാഗത്ത് 25/10/2025-ൽ ഉണ്ടായ മണ്ണിടിച്ചിലിൽ നാശനഷ്ടം സംഭവിച്ച ദുരന്തബാധിതരുടെ പുനരധിവാസത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കൊച്ചി ധനുഷ്ക്കോടി ദേശീയപാത NH85 ൽ അടിമാലി കൂമ്പൻപാറ ഭാഗത്ത് 25/10/2025-ൽ ഉണ്ടായ മണ്ണിടിച്ചിലിൽ ഒരാൾ മരണപ്പെടുകയും ഒരാൾക്ക് പരിക്ക്പറ്റി കാൽ നഷ്ടപ്പെടുകയും നിരവധി വീടുകൾക്ക് നാശനഷ്ടം ഉണ്ടാവുകയും 27 കുടുംബങ്ങളെ മാറ്റിപാർപ്പിക്കുകയും ചെയ്തിരുന്നു. സംഭവത്തെ തുടർന്ന് ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ, ജില്ലാകളക്ടർ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പ്രതിനിധികൾ എന്നിവരുടെ യോഗത്തിൽ NHAI പ്രതിനിധികൾ നൽകിയിട്ടുള്ള വാഗ്ദാനം പാലിച്ചിട്ടുണ്ടോയെന്ന കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ഒരു യോഗം അടിയന്തരമായി വിളിച്ച് ചേർക്കണമെന്നും, ഇത് സംബന്ധിച്ച റിപ്പോർട്ട് ദുരന്ത നിവാരണ വകുപ്പ് മുഖേന ബഹു. മുഖ്യമന്ത്രിക്ക് നൽകുന്നതിനുള്ള നടപടി 2 ദിവസത്തിനകം സ്വീകരിക്കണം എന്നും ചീഫ് സെക്രട്ടറി നിർദ്ദേശിച്ചിരുന്നു.

3) ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി 18.02.2026 -ന് ഒരു യോഗം വിളിച്ച് ചേർക്കുകയും യോഗതീരുമാനപ്രകാരം ടി ദുരന്തത്തിന്റെ കാരണം സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. മെമ്പർ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സഹിതം 12/02/2026-ലെ ചീഫ് സെക്രട്ടറിയുടെ കുറിപ്പിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ദുരന്തനിവാരണ വകുപ്പ് മുഖേനയുള്ള തുടർനടപടികൾക്കായി പൊതുമരാമത്ത് (ഡി) വകുപ്പ് ഫയൽ സമർപ്പിച്ചിരുന്നു.

4) തുടർന്ന്, ഈ വിഷയത്തിൽ ദേശീയ ഹൈവേ അതോറിറ്റി നടപ്പിലാക്കിയ പുനരധിവാസ പ്രക്രിയകൾ സംബന്ധിച്ച് 26/02/2026-ൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ അവലോകനയോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കേരള ദുരന്തനിവാരണ അതോറിറ്റിയുടെ റിപ്പോർട്ടിലെ പുരനധിവാസം സംബന്ധിച്ച ശിപാർശകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഫണ്ട് വിനിയോഗിച്ചുകൊണ്ട് നടപ്പിലാക്കുവാൻ ദുരന്ത നിവാരണ വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഇനം (4) പ്രകാരം തീരുമാനിക്കുകയും അതിൻപ്രകാരം അടിയന്തരനടപടികൾ കൈക്കൊള്ളുന്നതിനും മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സഹിതം ഫയൽ സമർപ്പിക്കുന്നതിനും ചീഫ് സെക്രട്ടറി e-file-ൽ ഉത്തരവായിട്ടുണ്ട്. ആയതിന്റെ

അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് (ഡി) വകുപ്പിന്റെ ഫയൽ ഈ വകുപ്പിന് കൈമാറി നൽകിയിരിക്കുന്നത്.

**5)** ഇതേ അപകടത്തിൽ ഭർത്താവിനെ നഷ്ടപ്പെട്ടുകയും ഗുരുതരമായി പരിക്കേറ്റതിനെ തുടർന്ന് ഇടതു കാൽ പൂർണമായും മുറിച്ച് മാറ്റപ്പെട്ടുകയും ചെയ്ത ശ്രീമതി സന്ധ്യമോൾ ബിജു (നെട്ടമ്പിള്ളിക്കുടിയിൽ വീട്, അടിമാലികര, മന്നാങ്കണ്ടം താലൂക്ക്,ഇടുക്കി ജില്ല)-വിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 13/2/2026 തീയതിയിലെ സ.ഉ(കൈ)70/2026/Rev പ്രകാരം 5 ലക്ഷം രൂപ ചികിത്സാസഹായമായി ഇതിനോടകം അനുവദിച്ച് നൽകിയിട്ടുണ്ട്.

**6)** മണ്ണിടിച്ചിലിൽ ഉണ്ടായ അപകടവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിലയിരുത്തുന്നതിനായി ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ബഹു. ദേവികുളം എം.എൽ.എ-യും ചീഫ് സെക്രട്ടറിയും ഇടുക്കി ജില്ലാ കളക്ടറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും 25/02/2026-ന് ഓൺലൈനായി യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ 11/2/2026 ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചതിൻ പ്രകാരം ചീഫ് സെക്രട്ടറി NHAI പ്രതിധികളുടെ സാന്നിധ്യം ഉറപ്പ വരുത്തിക്കൊണ്ട് മേൽ വിഷയത്തിൽ യോഗം കൂട്ടുകയും അർഹരായ ദുരന്ത ബാധിതർക്ക് സാധ്യമായ പുനരധിവാസ പദ്ധതി ശുപാർശ ചെയ്തു കൊണ്ട് റിപ്പോർട്ട് അടുത്ത മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുവാൻ നിർദേശിച്ചു. 26/02/26-ൽ ഇതിൻ പ്രകാരം ചീഫ് സെക്രട്ടറി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി കൊണ്ട് യോഗം ചേരുകയുണ്ടായി. ടി അപകടത്തിൽ മരണപ്പെട്ടയാളിന്റെ മകൾക്ക് സമാശ്വാസധനം, അപകടത്തിൽപ്പെട്ട് ചികിത്സയിൽ കഴിയുന്നവരുടെ ആശുപത്രിച്ചെലവ്, മാറ്റിപ്പാർപ്പിച്ച കുടുംബങ്ങൾക്ക് വാടക എന്നീയിനങ്ങളിൽ ദുരന്തബാധിതർക്ക് സാധ്യമായ സാമ്പത്തിക സഹായം ദേശീയ ഹൈവേ അതോറിറ്റി നൽകിയിട്ടുണ്ടെന്ന് റീജ്യണൽ ഓഫീസർ 26/2/2026 തീയതിയിൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അറിയിച്ചിട്ടുണ്ട്. യോഗ നടപടിക്കുറിപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത യോഗത്തിൽ കേരള ദുരന്തനിവാരണ അതോറിറ്റിയുടെ റിപ്പോർട്ട് (ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഫണ്ട് വിനിയോഗിച്ചുകൊണ്ട് പുനരധിവാസം നടപ്പിലാക്കുന്നത് സംബന്ധിച്ച ശിപാർശകൾ (1, 2, 7(a) & 8)ചുവടെ ചേർക്കുന്നു:

**(1)**The families living in the MN Smaraka Laksham Veedu Colony,whose houses were fully destroyed may be paid an amount of Rs.15 lakhs to purchase land and build a house from Chief Minister's Distress Relief Fund on the condition that they will surrender the present land in the colony to the panchayath(the land was

purchased by the panchayath for the colony).This amount may be recovered to Chief Minister's Distress Relief Fund from the insurance award and the remaining may be paid to the families, if the award amount is higher. If the award is lower than Rs.15 lakhs per family, only the amount received from insurance may be recovered to Chief Minister's Distress Relief Fund. If no insurance is paid the amount may be recovered from NHAI/Contractor. Rental assistance shall be paid for 6 more months by NHAI/Contractor or until assistance from Chief Minister's Distress Relief Fund is paid whichever is earlier.

**(2)** All affected families may be given Rs.10000/-as one time assistance for purchase of utensils and clothes from Chief Minister's Distress Relief Fund as a special relief from government.

**(7)** In the case of families living in the no-go Zone of the colony who are currently in rented houses or houses of relatives, following options may be considered by government.

**(a)** Rs.15 lakhs/house to the house owners from Chief Minister's Distress Relief Fund on the condition that the land will be surrendered to the panchayath. If any insurance is received for these houses (the contractor has stated that he has claimed for 29 houses) the same may be recovered to Chief Minister's Distress Relief Fund from the insurance as in the case of fully damaged houses.

**(8)** Rental assistance shall be paid for 6 more months by NHAI/Contractor or until assistance from Chief Minister's Distress Relief Fund is paid whichever is earlier.

**7)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ദുരന്ത ബാധിതരുടെ പുനരധിവാസ നടപടികൾക്കായി തുക അനുവദിക്കുന്നതിനായി ബഹു.മുഖ്യമന്ത്രിയ്ക്ക് ഫയൽ ചംക്രമണം ചെയ്യുകയുണ്ടായി.

**8)** ബഹു.മുഖ്യമന്ത്രിയുടെ വാക്കാലുള്ള നിർദ്ദേശമനുസരിച്ച് മന്ത്രിസഭാ കുറിപ്പ് സമർപ്പിക്കുന്നു.

<u>**തീരുമാനിക്കേണ്ട വിഷയം**</u>

കൊച്ചി ധനുഷ്ക്കോടി ദേശീയപാതയിൽ 25/10/2025-ൽ ഉണ്ടായ മണ്ണിടിച്ചിലിൽ നാശനഷ്ടം സംഭവിച്ച എം എൻ സ്മാരക ലക്ഷം വീട് കോളനിയിലെ ദുരന്തബാധിതരുടെ പുനരധിവാസത്തിനായി

1)വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ വീതം

സ്ഥലം വാങ്ങി വീട്ട നിർമ്മിക്കുന്നതിന് താഴെ പറയുന്ന വ്യവസ്ഥകൾക്ക വിധേയമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും, അനുവദിക്കാവുന്നതാണോ ?

(i)പഞ്ചായത്തിന് നിലവിലെ ഭൂമി വിട്ട നൽകുക,

(ii) ഈ വീടുകൾക്ക് എന്തെങ്കിലും ഇൻഷ്വറൻസ് തുക ലഭിക്കുകയാണെങ്കിൽ പ്രസ്തുത തുക ഇൻഷ്വറൻസിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തിരികെ ഈടാക്കുക

(iii) ലഭിക്കുന്ന ഇൻഷ്വറൻസ് തുക 15 ലക്ഷം രൂപയിൽ കൂടുതൽ ആണെങ്കിൽ അധികം വരുന്ന തുക കുടുംബങ്ങൾക്കും , അല്ലാത്തപക്ഷം ലഭിക്കുന്ന തുക മാത്രം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തിരികെ ഈടാക്കുക,

(iv) ഇൻഷ്വറൻസ് തുക ലഭിക്കാത്ത സാഹചര്യത്തിൽ NHAI/കരാറുകാരൻ എന്നിവരിൽ നിന്നും ഈടാക്കുക

2) ദുരിതബാധിതരായ എല്ലാ കുടുംബങ്ങൾക്കും വസ്തുങ്ങളും പാത്രങ്ങളും വാങ്ങുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10,000/- രൂപ ഒറ്റത്തവണ ധനസഹായം അനുവദിക്കാവുന്നതാണോ ?

3) മാറ്റിപ്പാർപ്പിച്ച കുടുംബങ്ങൾക്ക് വാടകയിനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം അനുവദിക്കാവുന്നതാണോ?

# Landslide - NH85 - Rehabilitation measures taken by NHAI - Report - reg

**Member Secretary KSDMA** < ms.ksdma@kerala.gov.in >

Thu, 26 Feb 2026 7:06:26 AM +0530

To "prl revenue"<prl.secy.revenue@gmail.com>,"revenuedmdk" <revenuedmdk@gmail.com>,"K Biju IAS"<secy.pwd@kerala.gov.in>,"Dr. Dinesan Cheruvat IAS"<dcidk@kerala.nic.in>

Cc "pradeepgsgeo"<pradeepgsgeo@gmail.com>,"hraksdma" <hraksdma@gmail.com>

MTO II/2557/2025/SDMA-KSDMA

To,

The Secretary
Public Works Department

The Secretary
Disaster Management Department

Sir,

Sub: Landslide - NH85 - Rehabilitation measures taken by NHAI - Report - reg
Ref: Ltr. No. D3/103/2026-PWD dated 18-2-2026

A landslide occurred on 25th October 2025 in Koombanpara, located north of M.N Smaraka Laksham Veedu Colony, Adimali within the Adimali Grama Panchayath, Idukki District, Kerala having the geocordinates of 10.013837°N Lat and 76.966793°E long. The undersigned was directed by Government vide reference cited to cause an independent investigation and submit a report to the Government.

The following were relied for preparing this report:

1. Site visit of the undersigned in the presence of District Geologist, District Soil Conservation Officer, District Soil Survey Officer, District Hazard Analyst, PWD. NHAI, Village Officer and M/S EKK Infrastructure dated 23-2-2026
2. Discussion with the affected community in Adimali Grama Panchayath Office dated 23-2-2026
3. Engineering, procurement & construction agreement between NHAI and M/S EKK Infrastructure Limited dated 25-5-2023
4. A note on post disaster landslide inventory studies conducted in parts of Idukki district, Kerala in November 2025 by Geological Survey of India, dated February 2026 (Landslide No: KL/IDK/58B/16/2025/PDLS/01)
5. Report dated 31/10/2025 of the expert committee constituted by DDMA, Idukki vide Proceedings No. DCIDK/2495/2025-DM2-Part (1) dated 26-10-2025
6. WP (C) No. 4175 of 2025 (V) dated 28-5-2025
7. Ltr. No. 17/26 dated 17-1-2026 from Village Officer, Mannamkandom to Sub Collector, Devikulam
8. Government Circular DMB1/82/2023/DMD dated 18-12-2023

Geological Survey of India, the national nodal agency for landslides, have conclusively identified the geoscientific causes of the landslide as that 'the in-situ slope which was gentle with just about 20° was steepened for road construction, and a newly created cut, approximately 15 m high and steeper than 70°, was left unsupported, without the provision of any retaining measures, berms, or benches. The prolonged rainfall during the north-east monsoon led to



File No. PWD-D3/103/2026-PWD-Part(1) (Computer No. 3433188)
Generated from eOffice by MAHESWARI A, SO (DRF-A) REV, SO (DRF-A) REV, Revenue Department on 27/02/2026 11:40 AM

saturation of the unconsolidated overburden ultimately culminating in slope failure[1]. The study is well corroborated by the multi-departmental expert committee of DDMA too.

The report of Geological Survey of India is elaborate and has highlighted the possibility of further failures. The extend of slope cut leading to 15 m high and >70° is not seen to be essential for the construction. The cut slope conditions is not seen to have been significantly improved between the date of the GSI inspections to the date that the undersigned visited the site. Attempt to remove overburden using heavy machinery in the upslope and sides of the failed slope face is seen, which could have been avoided. Slope modification attempts are also seen. Toe support works along the failed slope, works to ventilate existing ground water discharge and storm water perforated catch drains, including buried drains, weeping along the toe support backing etc. are seen being undertaken. PWD and Ground Water Department officials were apprehensive of the adequacy of the works being undertaken to considerably reduce slope failure. During the inspection free flowing ground water discharge was noticed, however due to inadequate downslope weeping holes, water was seen socking into the partially laid road and reemerging downslope in the road.

It is seen that possibility of cut slope failures have been brought to the notice of Hon'ble High Court by landowners residing along these slope cuts, an example being in WP (C) No. 4175 of 2025 (V) and Hon'ble High Court has intervened in the matter and ordered mitigation measures. The Village Officer highlighted the case of a 10th standard student, Ms. Ayan Mariam, Polachirakkal House, Koomban Para P.O, who is person with disability of 73%. Owing to the construction of the new road, the access to Ms. Ayan's property has been severed and the elevation difference between the present road and the path to her house is 3 meters. Similar cases are seen in various locations along the construction stretch.

On interaction with M/S EKK Infrastructure it is understood that the contractor intents to use primarily nature-based solutions for landslide susceptibility reduction in the cut slopes and already failed surfaces along the stretch. On specifically enquiring into design adequacy, it is understood from M/S EKK that the designs are standard and is not undertaken based on site specific conditions. The designs are done by the contractor's own designers and vetted by institutions identified by them. The Contractor is to have a Contractor's All Risk (CAR) Insurance mandatory and valid all through the contract period (Article 20 of the Agreement). M/S EKK informed that they have a valid CAR insurance and that the insurance disbursement process is ongoing. They informed that insurance is claimed for 29 houses. They informed that they have already disbursed house rent to eligible families based on the letter that was the District Administration and Panchayath gave. The Panchayath Secretary corroborated the receipt of funds and the disbursement thereof to eligible families.

The affected community made the following submission. Majority of them are experiencing post disaster trauma. Of the 10 individuals who responded, except two, all others indicated that it will be traumatic to continue residing in the colony area and therefore, they desire to relocate to safer locations. The two individuals who expressed interest to remain in the current property stated that the slopes need to be stabilized adequately to avoid further failure, before they are asked to return to their own houses. Many families lost all their utensils and cloths as the houses itself were buried.

The Government has issued a circular to standardize the process of integrating measures for prevention and mitigation of disasters based on the orders of Hon'ble High Court. This is valid for all Departments implementing infrastructure works in the State.

In light of the documents listed above and the observations therein, the following are recommended:

1. The families living in the MN Smaraka Laksham Veed Colony, whose houses were fully destroyed may be paid an amount of Rs. 15 lakhs to purchase land and build a house from CDMRF on the condition that they will surrender the present land in the Colony to the Panchayath (the land was purchased by the Panchayath for the Colony). This amount may be recovered to CMDRF from the insurance award and the remaining may be paid to the families, if the award amount is higher. If the award is lower than Rs. 15 lakhs per family, only the amount received from insurance may be recovered to CMDRF. If no insurance is paid, the amount may be recovered from NHAI/Contractor. Rental

assistance shall be paid for 6 more months by NHAI/Contractor or until assistance from CMDRF is paid, whichever is earlier.

2. All affected families may be given Rs. 10,000/- as one time assistance for purchase of utensils and clothes from CMDRF as a special relief from Government.
3. The debris that is lying in the colony may be completely removed and all storm water flow channels cleared immediately by NHAI/Contractor.
4. The proposed nature-based stabilization of the hillside cut-slope of the road at sites where houses abut the cut-slope within 10 meters from the edge of upslope cut, are not deemed sufficient and therefore, hard engineering based (grey) solutions are recommended (example, on the slope cut along the house of Mr. Biju). Appropriate structural design for such stabilization may be sought from the structural designer of NHAI/Contractor. Adequacy of the design may be vetted through College of Engineering Technology or Barton Hill College of Engineering Technology or NIT Calicut, as a third party vetting as allowed in the contractual agreement between NHAI and Contractor. Post implementation, compliance of implemented structure to the recommended design may be vetted by the same institute which vetted the design. These families may be permitted to return to their houses only after such hard engineering measures are implemented. In case such a solution is not engineeringly feasible, the NHAI/Government may acquire these lands under LARR Act such that future retrogressive failures don't result in fatality. If additional land, over and above the land presently available with NHAI is required in the upslope to adequately protect the upslope houses, the land owners may collaborate and provide such land without relinquishing ownership, to NHAI such that future slope failure can be avoided [this is the approach that Hon'ble High Court has employed in WP (C) No. 4175 of 2025 (V)]. Rental assistance shall be paid to these families till one of the above recommendations is implemented.
5. In cut slopes where nature-based solutions are proposed, other than where houses exist in the hillside cut slope, it may be appropriate to also consider short skirting and soil nailing than netting and hydro-seeding. The NHAI/Contractor needs to reconsider the designs and its adequacy verified after conducting soil testing on undisturbed samples.
6. Current stormwater drain designs are seen based on standard practices. The local adequacy of the design was not seen examined. For example, perforated pipes laid for catch drains are 200 mm in diameter. In Idukki, with more than 4000 mm rainfall and possibility of frequent Extreme Rainfall Events (>100 mm/hr), the adequacy of such designs needs to be established through observed flows than standard designs. Therefore, NHAI/Contractor may reexamine the designs with the support of Centre for Water Resources Development.
7. In the case of families living in the no-go zone of the colony who are currently in rented houses or houses of relatives, following options may be considered by Government:
   a. Rs. 15 lakhs/house to the house owners from CMDRF on the condition that the land will be surrendered to the Panchayath. If any insurance is received for these houses (the contractor has stated that he has claimed for 29 houses), the same may be recovered to CMDRF from the insurance as in the case of the fully damaged houses.
   b. Acquire the colony land under LARR Act
8. Rental assistance shall be paid for 6 more months by NHAI/Contractor or until assistance from CMDRF is paid, whichever is earlier.
9. For families who were residing on rent in the colony, one-time assistance of Rs. 1,00,000/- may be paid by NHAI/Contractor (only two families were reported to be on rent).
10. In the specific case of Ms. Ayan Mariam who is 73% disabled, NHAI/Contractor shall ensure that free and smooth access is provided her family to their house from the National Highway within 1 month from the receipt of directions from the DDMA in this regard. The adequacy of the access thus made shall be verified by the Social Justice Department and should be to the satisfaction of the concerned Department.
11. The relocated families needs post-disaster psycho-social support. DDMA may engage DMHP to provide necessary psycho-social support.

Minutes of the meeting chaired by the Chief Secretary on 26.02.2026 to analyze the rehabilitation measures taken by NHAI on the landslide occurred in NH 85

The meeting commenced at 11:30 AM. At the outset, the Secretary, PWD briefed the current status of the issue and the outcome of the meeting convened on 18.12.2026 in the same issue. The question of accountability for the landslide on NH-85 and the payment of compensation to the affected parties was discussed in detail. The District Administration stated that, in view of the findings of the Technical Committee, the entire compensation liability should be borne by the National Highways Authority of India (NHAI). However, NHAI has informed that adequate compensation has already been disbursed and has expressed its inability to provide any additional financial support beyond what has been sanctioned. In order to ensure an impartial assessment and to fix responsibility for the landslide, it was decided to request the Member Secretary of the Kerala State Disaster Management Authority (KSDMA) to conduct an independent technical inquiry.

The Hazard & Risk Analyst of the Kerala State Disaster Management Authority (KSDMA) informed the meeting that the Member Secretary was on leave. Accordingly, the Hazard & Risk Analyst presented the findings of the report on behalf of the Member Secretary. As per the report, the landslide was attributed to anthropogenic activities. It was further noted that the rainfall received in the area prior to the occurrence of the landslide was comparatively low. The Analyst also informed the meeting that specific recommendations and mitigation/adaptation measures have been incorporated in the report.

The Regional Officer of the National Highways Authority of India (NHAI) stated that the area is inherently prone to landslides and that there is a history of similar incidents at the said location and in the surrounding areas. He further stated that there is no conclusive evidence establishing the exact cause or point of origin of the landslide. Notwithstanding the above, NHAI has extended the maximum possible

financial assistance to the affected parties. Compensation has been provided to the daughter of the deceased. The medical expenses of the injured person who was admitted to the hospital have been borne, and the rent for the families who were relocated has been paid through the Concessionaire. In addition to these measures, the Concessionaire is exploring the possibility of arranging compensation for the damaged houses through insurance claims. The Regional Officer informed the meeting that, as per the existing policy guidelines of NHAI, no further financial assistance beyond the above measures can be extended. The Chief Secretary directed NHAI to clearly confirm its stand on the issue. The Regional Officer reiterated that NHAI is not in a position to extend any additional financial assistance. Thereafter, the Chief Secretary permitted the representatives of NHAI to leave the meeting.

The District Collector presented a brief account of the current status of the situation and suggested possible mitigation measures. It was informed that approximately 50 families were affected by the landslide that occurred within the premises of the NH-85 construction site. All the families had been safely evacuated in advance, thereby minimizing the impact of the incident. The Concessionaire of the National Highways Authority of India (NHAI) has disbursed ₹8.5 lakh towards the purchase of utensils at the relief camp, ₹3 lakh towards the medical expenses of the injured person who was admitted to the hospital, and ₹1 lakh to the dependent of the deceased person. It was further stated that the NHAI representatives had agreed, in the meeting convened by the Hon'ble Minister for Water Resources, to bear the rental expenses of the relocated families. However, the rent up to February 2026 was disbursed only after repeated demands from the District Administration. The District Collector reiterated that the present landslide was entirely due to anthropogenic activities, citing the following reasons: 1)Even during the heavy rainfall in 2018, no landslide occurred in this particular area; and 2)The rainfall received in the area prior to the occurrence of the present landslide was comparatively low. The District Collector also informed the meeting that NHAI has assured that the cost of construction of nine houses would be met through insurance claims. It was further

stated that some of the affected families could be relocated to the Life Mission flats at Adimali. Those who wish to return to their residences may be permitted to do so after the clearance of debris and the renovation of the affected houses.

The Chief Secretary emphasized the need for immediate relief measures and observed that relocation to the Life Mission flats at Adimali and the disbursement of insurance claims may take a considerable amount of time to materialize. The Chief Secretary sought clarification regarding the recommendations contained in the report of the Kerala State Disaster Management Authority (KSDMA). The Hazard & Risk Analyst of KSDMA briefed the meeting on the key suggestions in the report. It was informed that eight houses have been completely destroyed and, therefore, require permanent relocation. The expenditure for the same may be met from the Chief Minister's Distress Relief Fund (CMDRF) and subsequently recouped after availing the insurance claim from the National Highways Authority of India (NHAI). It was further stated that the mitigation measures currently proposed by the Concessionaire to prevent further landslides appear to be inadequate. As the concessionaire is not willing to use advanced technologies due to cost concerns, a detailed technical analysis of present technology is essential. The findings of such analysis shall be used to determine whether relocation of the remaining affected families is also necessary.

The Secretary, Disaster Management Department informed the meeting that the proposal to recoup the expenditure to the Chief Minister's Distress Relief Fund (CMDRF) at a later stage is not technically feasible. The Secretary, PWD stated that the responsibility for implementing technical solutions to prevent further landslides, along with the associated expenditure, shall rest solely with the National Highways Authority of India (NHAI). It was further suggested that the State Government may direct the Regional Officer, NHAI to submit appropriate Change of Scope proposals based on the outcome of the detailed technical analysis. All measures as mentioned in the KSDMA report regarding soil stabilization and slope protection /soil nailing and provision for proper drainage will have to be implemented by NHAI. It was also

opined that the rehabilitation measures recommended by the Kerala State Disaster Management Authority (KSDMA) shall be met from the CMDRF.

After detailed deliberations, the meeting arrived at the following decisions:

1. The report submitted by KSDMA shall be adopted as the baseline document for initiating adaptation and mitigation measures.

2. NHAI shall be informed that the State Government does not concur with the view that the landslide which occurred within the premises of the NH-85 construction site was a natural disaster. - Public Works Department

3. The Regional Officer, NHAI shall be requested to undertake a detailed technical analysis of the proposed solutions to prevent further landslides, in coordination with the State Government. Based on the outcome of the analysis, necessary Change of Scope proposals shall be submitted to the NHAI Headquarters and urgent steps to be taken for slope stabilization and drainage facilities.
 - Public Works Department

4. The rehabilitation measures suggested in the KSDMA report shall be implemented using funds from the Chief Minister's Disaster Relief Fund (CMDRF). - Disaster Management Department

The meeting ended at 11.45 PM. The meeting was attended by the following officers.

- Secretary, Public Works Department
- Secretary, Revenue and Disaster Management Department
- District Collector, Idukki
- Additional Secretary, Disaster Management Department
- Hazard & Risk Analyst, KSDMA
- Regional Officer, NHAI, Thiruvananthapuram
- Project Director, NHAI, PIU Cochin-2

DR A JAYATHILAK I A S

CHIEF SECRETARY